**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2073** **09-02-2023 - ൽ മറുപടിയ്ക്ക്**

**മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാര നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷം സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മൊബൈൽ ഫോൺ/ഇൻറർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 28 കുട്ടികൾ ആത്മഹത്യ ചെയ്തിട്ടുണ്ട് |
| (ബി) | ഇവയുടെ ഉപയോഗം മൂലം ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങി മറ്റ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കാരണം എത്ര കുട്ടികളെ കുറ്റക്കാരായി കണ്ടെത്തി ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇവയുടെ ഉപയോഗം മൂലം ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങി മറ്റ നിയമവിരുദ്ധ പ്രവർത്തനങ്ങളുമായിബന്ധപ്പെട്ട കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കുറ്റാരോപിതരായി കണ്ടെത്തിയ 9 കുട്ടികളിൽ 7 പേർ FIR ൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ ഇക്കാലയളവിൽ എത്ര ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങേണ്ടി വന്നു; എവിടെയെല്ലാം; ഇതുവഴി നാളിതുവരെ എത്ര കുട്ടികളെ ചികിത്സിച്ച് രക്ഷപ്പെടുത്തി; നിലവിൽ എത്ര കുട്ടികൾക്ക് ചികിത്സ നൽകി വരുന്നു; വിശദാംശം വ്യക്തമാക്കുമോ? | (സി) | പോലീസ് വകുപ്പിൽ സോഷ്യൽ പോലീസിംഗ് ഡിവിഷന്റെ ഭാഗമായി, ഓൺലൈൻ ദുരുപയോഗത്തിൽപ്പെട്ട കുട്ടികൾക്കും ഓൺലൈൻ അതിക്രമങ്ങൾക്ക് ഇരയായ കുട്ടികൾക്കും കൗൺസിലിംഗ് നൽകുന്നതിനും ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ അവബോധം സൃഷ്ടിച്ചെടുക്കുന്നതിനും അതുവഴി സുരക്ഷിത ഇന്റർനെറ്റിന്റെ സാധ്യതകൾ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിനും വേണ്ടി 2022 - 23 പ്ലാൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 6 ഡീ-അഡിക്ഷൻ സെന്ററുകൾ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ സിറ്റി എന്നീ പോലീസ് ജില്ലകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ഡി - അഡിക്ഷൻസെന്ററുകളുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ